തോറ്റങ്ങൾ: വ്യാഖ്യാനത്തിനുമപ്പുറം

എ. പുരുഷോത്തമൻ

ഉണ്ണിമോൾ എന്ന സ്ത്രീയുടെ കഥ എന്നതിലുപരി, 'തോറ്റങ്ങളിൽ' വായനക്കാരനു് എന്തൊക്കെ കാണാം?

പ്രളയം

കടവിൽ കുടുംബത്തിന്റെ മൂലസ്യം, പ്രളയത്തിലാണെന്നതു് ശ്രദ്ധേയമാണു്. 'അവിടെയാണു് കണ്ണി കിടക്കുന്നതു്. പുഴയിൽ, ജലത്തിൽ, കോളിൽ, പ്രളയത്തിൽ'.(p. 67). കടത്തുകാരൻ മുത്തപ്പൻ ആവാഹിച്ചു വരുത്തിയ ചേന്നാട്ടമ്മ 'ഒരു തോണി ജീവൻ തിരികെക്കൊടുത്തു. തോണിക്കാരനെ താനെടുത്തു.'(p. 50). കടവിൽ കുടുംബം നിലവിൽ വന്നതു്, ആറാടിമന ദാനം ചെയ്ത നൂറു പറ പുഞ്ചക്കോളിലും, കടത്തുതോണിയിലുമാണല്ലോ. നിലവിലുള്ള പരിതസ്ഥിതിയെ നീക്കി, പ്രളയം പുതുജീവൻ നല്കുന്നു. ചേന്നപ്പനു് പ്രളയമത്രേ കാലത്തിന്റെ മാനദണ്ഡം.

ചരിത്രാതീതമായ ഈ പ്രളയം ചേന്നപ്പന്റെ തോണിപ്പാട്ടിലൂടെ, ഉണ്ണിമോളുടെ സ്വപ്നത്തിലൂടെ ഉരുത്തിരിയുന്നു.

ഉണ്ണിമോൾ ഒന്നാമത്തെ കുഞ്ഞിനെ ഗർഭം ധരിക്കുമ്പോളുണ്ടായ പ്രളയമാണു് 'തോറ്റങ്ങളിലെ' രണ്ടാം പ്രളയം. ചേന്നപ്പനും ഉണ്ണിമോളും തമ്മിലുള്ള ബന്ധത്തിന്റെ ആകത്തുക പ്രതീകങ്ങളിലൂടേയും ചിന്തകളിലൂടേയും വിലയിരുത്തപ്പെടുന്ന ഈ പ്രളയം,

യഥാർത്ഥമെങ്കിലും ഭൂതകാലസ്മരണകളിലേതാണ്.

തോറ്റങ്ങളിലെ മൂന്നാമത്തെ പ്രളയം ഉണ്ണിമോളുടെ മനസ്സിലാണ്. ബിജുവിനെ തിരിച്ചറിയുമ്പോൾ ഉണ്ണിമോളുടെ മനസ്സിൽ ആർത്തിരമ്പുന്ന മൂന്നാമത്തെ പ്രളയത്തിന്റെ അലയടികളാണ് 'തോറ്റങ്ങൾ' നിറയെ പ്രതിധ്വനിക്കുന്നത്.

കോവിലന്റെ അലൌകികമായ ശിൽപചാതുര്യം, ഈ മൂന്ന് പ്രളയങ്ങളേയും ചേർത്തിണക്കി, അനായാസമായി അവതരിപ്പിക്കുന്നു. തോണിപ്പാട്ടിലൂടെ വർണ്ണിക്കപ്പെടുന്ന പുരാതനമായ പ്രളയം, ഭൂതകാലസ്മരണകളിലൂടെ സ്വപ്നലോകത്തേക്ക് തിരിച്ചുവരുന്ന സ്വാനുഭവത്തിലെ പ്രളയം, മനസ്സിൽ ആഞ്ഞടിച്ച്, ആഘാതമേൽപ്പിക്കുന്ന വികാരപ്രളയം (' കാറ്റും മഴക്കാറുമേറ്റം കൂരിരുട്ടും വന്നുകൂടി' എന്ന സാർത്ഥകമായ തോണിപ്പാട്ടിലൂടെ അവതരിപ്പിക്കപ്പെടുന്ന പ്രളയം) ഈ മൂന്ന് പ്രളയങ്ങളുടേയും തിരശ്ശീല ഉയർത്തുന്നു.

പുഴ

കടവിൽ കുടുംബത്തിന്റെ ജീവനം, പുഴയെ ആശ്രയിച്ചാണ്. 'പുഴയായിരുന്നു ജീവിതം. (p. 59) ഞങ്ങൾ കാലാകാലത്തും തോണിക്കാരാകുന്നു. (p. 43). കടത്തുതോണി മതി (p. 26). കൃഷി നടത്താൻ അറിയില്ല (p. 27). പുഴ ഉണ്ണിമോളുടെ മനസ്സത്രേ. ഇളം പൈതലായി പുഴവക്കത്തുടെ നടന്നു ഉണ്ണിമോൾ. 'ജലത്തിന്റെ ഭിത്തിയായി ഉയർന്ന് പുഴക്ക് വീർപ്പു മുട്ടി'. (p. 36). ചേന്നപ്പൻ എന്ന കരിങ്കല്ലിന്റെ ഭിത്തി തടഞ്ഞുനിർത്തുന്ന പുഴയാണ് ഉണ്ണിമോൾ. പുഴ ഉണ്ണിമോൾക്ക് മരണവുമാകുന്നു. ആമ്പൽപ്പൂ പറിക്കുവാൻ പുഴയിലിറങ്ങിയ ഉണ്ണിമോൾ പ്രവാഹത്തിന്റെ കയത്തിൽപ്പെട്ട് മരണത്തിലേക്ക് വഴുതിവീഴുന്നുണ്ടല്ലോ (p. 35).

തോണി

ജീവിതത്തിന്റേയും ജീവിതമാർഗ്ഗത്തിന്റേയും പ്രതീകമായ തോണി. പ്രളയത്തിലെ തോണി ജീവന്റെ പ്രതീകം തന്നെ. പിന്നീട്, 'ദിക്കറിവാൻ പാടില്ലാതെ മുക്കണഞ്ഞു പോയ'

തോണി, ഉണ്ണിമോളുടേയും ചേന്നപ്പൻേറയും ജീവിതം തന്നെ.

പട്ടി

പട്ടിക്കുഞ്ഞുങ്ങളെ വിറ്റ് ജീവിതമാഗ്ഗം തേടുന്ന ചേന്നപ്പൻ. തനിക്കും പട്ടിക്കും കടവിൽ വീട്ടിൽ ഒരേ സ്ഥാനമാണ് എന്നോക്കുന്ന, മനസ്സിലാക്കുന്ന ഉണ്ണിമോാം. 'അവളുടെ അമ്മ എന്തു ചെയ്തു? പെറ്റു.' എന്നു കണക്കിലാക്കുന്ന ചേന്നപ്പൻ. സ്ത്രീയുടെ ജോലി കുഞ്ഞുങ്ങളെ പ്രസവിക്കുക മാത്രമാണോ?

ചെമ്പുലക്ക

ആടുന്ന 'ചെമ്പുലക്ക'യിൽനിന്നു് കട്ടിലിലേക്കു നോക്കി ചേന്നപ്പനെ കാണുമ്പോാം, ഉണ്ണിമോാംക്കു് വെറുപ്പായിരുന്നു. (p. 29). പിന്നീടു്, 'നിശ്ചലമായ ചെമ്പുലക്കയിൽ അമ്മ മരണം ദശിച്ചു'. (p. 46). ദേവാനി അച്ഛനെ എതിക്കുന്നതു് ' ഇതാ കിടക്കുന്നു ചെമ്പുലക്കയും ഉരലും' എന്ന മട്ടിലാണല്ലോ.
ഈ ചെമ്പുലക്കയിലാണല്ലൊ ഉണ്ണിമോളുടെ ജീവിതം തുടരുന്നതും (മുറുക്കാനിലൂടെ!) അവസാനിക്കുന്നതും.

സംഘഷ്ങ്ങാം

തോറ്റങ്ങളിലൂടെ പ്രകടമാകുന്ന വിവിധ തലങ്ങളിലെ സംഘഷ്ങ്ങാം:
പുഞ്ചപ്പാടത്തെ ഏലക്കം വിളിക്കു പകരം, ടാക്റ്ററിൻേറ ക്രൂക്കകാം. യന്ത്രവത്കൃതമാകുന്ന കൃഷി, പഴയ തലമുറയുടെ സങ്കൽപ്പങ്ങാംക്കപ്പുറമത്രേ. ടാക്റ്റർ നിമ്മിക്കുന്ന ഉഴവുചാലുകാം ചെകുത്താൻേറ നഖങ്ങാം മാന്തിയ പാടുകളാണ്. ജീവിതവുമായി ഇടപഴകിച്ചേന്ന

കൃഷിയിൽ നിന്നും (' പോത്തുകൾക്കു പിമ്പേ ഏലക്കം വിളിച്ച തെളിഞ്ഞ കുരൽ') ജീവിതത്തെത്തന്നെ നശിപ്പിക്കുന്ന കൃഷിയിലേക്കാണ് (ട്രാക്റ്റർ) പുരോഗതി. യന്ത്രവൽക്കരണം, ജീവിതത്തെ അധ:പതനത്തിനിരയാക്കുന്നു. അതോടൊപ്പം, പുതിയ ജീവിതരീതികൾ, ധനാഗമമാഗ്ഗങ്ങൾ. കടവിൽ കുടുംബത്തിന്റെ എച്ചിൽ തിന്നു വളന്നവർ മണിമേടകളിൽ വാഴുന്ന നില. രാവെല്ലാം വെള്ളത്തിൽ പുലത്തി, പിന്നീട് മാഷന്മാരെ അണച്ചു വരുന്ന ചേന്നപ്പൻ, ദിവാകരന്റെ ചെയ്തികൾ അറിയാതാവുന്നു. റോഡും പാലവും നിലവിൽ വരുന്നത് കൺമുന്നിലാണെങ്കിലും, ചേന്നപ്പന്, അവയുടെ പ്രത്യാഘാതങ്ങൾ മുൻകൂട്ടി അറിയുവാൻ കഴിയുന്നില്ല. ദിവാകരന്റേയും ചേന്നപ്പന്റേയും സംഘഷത്തിന്റെ കാരണം ഇതത്രെ. ജീവിതം ഈ സംഘഷങ്ങൾക്കിടയിൽ നിരാലംബമാവുന്നത്, നിസ്സഹായനായി നോക്കി നില്ക്കാനേ അയാൾക്കു കഴിയൂ. മൂത്ത മകനായ ഗോപിയാണെങ്കിൽ ദൽഹിയിലെ പ്രാരബ്ധമേറിയ നഗരജീവിതവുമായി കഴിഞ്ഞുകൂടുന്നു. കോൾപ്പാടത്ത്, നെല്ലിന് പറയ്ക്ക് പതിനഞ്ചു രൂപ വിലയാവുന്നത് ഗോപിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. തണുപ്പുകാലത്തുതകുന്ന വസ്ത്രങ്ങളുടെ വിലയിലും മരുന്നുകളുടെ ചിലവിലും, പുതിയ ഫ്ളാറ്റിന്റെ ചെലവുകളിലുമത്രേ ഗോപിയുടെ ലോകം. അന്യമായ ഈ രണ്ടു ലോകങ്ങളുടേയും പൊരുത്തമില്ലായ്മ, പരോക്ഷമായി കോവിലൻ വരച്ചുകാട്ടുന്നു.

## തോറ്റങ്ങളിലെ കാലബോധം

തോറ്റങ്ങളിലെ കാലബോധം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ചരിത്രാതീതമായ പ്രളയവും, ഭൂതകാലത്തെ സൂചിപ്പിക്കുന്ന പ്രളയവും, വത്തമാനകാലത്തെ സ്വപ്നങ്ങളും, യഥാത്ഥ സംഭവങ്ങളും, ചിന്തകളും ഒരേ തലത്തിൽ, സുഗമമായി മാനസിക-ഭൌതിക തലങ്ങളുടെ പശ്ചാത്തലത്തിൽ, അനായാസമായി കോവിലൻ കോത്തിണക്കിയിരിക്കുന്നു. ശ്രദ്ധാലുവായ വായനക്കാരനെ ആസ്വാദനത്തിന്റെ പരകോടികളിലേക്കു നയിക്കുന്നത്, അനന്യാദൃശമായ ഈ ശിൽപചാതുയ്യമാണ്. പലപ്പോഴും പശ്ചാത്തലത്തിൽ കേൾക്കുന്ന 'തോണിപ്പാട്ടി'ലൂടെയാണ് കാലത്തിന്റെ ഒളിച്ചുകളി. മഴ കണ്ണുനീരാവുന്നതും, (p. 23), 'പുരപ്പുറത്തെ അട്ടാറിന്റെ താളം, അച്ഛന്റെ തപ്പുകൊട്ടൽ' (p. 36) ആവുന്നതും,

ചേന്നപ്പൻെറ ക്ലക്കംവലി, 'നില തേടുന്ന കഴുക്കോലിൻെറ ഗദ്ഗദമാകുന്നതും' (p. 23), ഈ കാലബോധത്തിൻെറ അടിയൊഴുക്കുകൾ തന്നെ. 'ഇടിയുടെ ശബ്ദത്തിനുവേണ്ടി ചെകിടോർക്കുമ്പോൾ' മനസ്സ് ഭൂതകാലത്തിലേക്ക് ഓടുന്നു. (p. 34). ഭൌതിക-മാനസിക തലങ്ങളിലെ പ്രളയങ്ങളെപ്പോലെ, യാഥാർത്ഥ്യവും സാങ്കൽപ്പികവുമായ കാലങ്ങളും, തിരിച്ചറിയാനാവാത്തവിധം, ആഖ്യാതത്തിൽ അന്തർലീനമായിരിക്കുന്നു.

## സ്ഥലവും കാലവും മനസ്സും

സ്ഥലവും കാലവും മനസ്സും തമ്മിലുള്ള ബന്ധം വിവിധ തലങ്ങളിലൂടെ അപഗ്രഥിക്കാൻ 'തോറ്റങ്ങൾ' ശ്രമിക്കുന്നു:

1. 'അറുപത്തെട്ടു വർഷങ്ങൾ, പൊട്ടിയ കഴയിലൂടെ കുത്തിയൊഴുകി'. (p. 22) കാലം, സ്ഥലബോധമായി രൂപാന്തരപ്പെടുന്നു!

2. ' പറക്കാൻ നില്ക്കുന്ന ആത്മാവിനുമീതെ (മാനസികം!) തകർന്നിടിയുന്ന ചുമരുകൾ (സ്ഥലം!) അലറിവീണു. (p. 23).

3. 'ആരവം ജലപ്പരപ്പിലൂടെ പടർന്നെത്തി, തോണിപ്പാട്ടിൽ കുതിർന്നു മാറ്റൊലികൾ ചിതറി' (p. 24).

4. 'വീടിനെക്കുറിച്ചു നെടുവീർപ്പിടാൻ നിമിഷങ്ങൾ ഏന്തി നിന്നു' (p. 24).

5. 'കറുത്ത ദു:ഖം പോലെ പരന്നുകിടന്ന പാടത്തിനക്കരെ' (p. 33).

6. 'പുഞ്ചപ്പാടത്തേക്കു നോട്ടം വിതച്ചു നിന്നു.' (p. 33).

7. 'ഇരുട്ടിനു് കുളിരിൻെറ വായ്ത്തല' (p. 34).

8. 'ആകാശത്തിനുകീഴിൽ സമയം മുഖം കറുപ്പിച്ചു നിന്നു.' (p. 62).

9. അവർ നടന്നുപോയ കാൽപ്പാടുകൾ അമ്മ നെഞ്ചിൽ തപ്പി'. (p.57).

അങ്ങനെ എത്രയോ ഉദാഹരണങ്ങൾ! സ്ഥല-കാല മനസ്സുകൾ തമ്മിലുള്ള പരസ്പരബന്ധം, തോറ്റങ്ങളിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്നതു് ഗൌരവമേറിയ ഒരു പഠനത്തിൻെറ വിഷയമാകേണ്ടതാണു്.

ശൈലി

വ്യാഖ്യാനത്തിലൂടനീളം, തോറ്റം ശൈലിയുടെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്.

തോറ്റങ്ങൾ ഗദ്യരീതിയിൽ വായിക്കേണ്ട കൃതിയല്ല. ദൃശ്യങ്ങൾ കൺമുന്നിൽ കാണുന്ന രീതിയിൽ, പാടിക്കേൾക്കേണ്ട കൃതിയത്രേ തോറ്റങ്ങൾ. ആഖ്യാനം, കാലോചിതമായ രീതിയിൽ, സ്ഥൂലവും സൂക്ഷ്മവുമാവുന്നതും, ശബ്ദസാമ്യതയിൽ, സംഗീതമായി രൂപാന്തരപ്പെടുന്നതും, ഈണമുള്ള വായനയിലൂടെ മാത്രമേ വായനക്കാരനു് അനുഭവിച്ച് ആസ്വദിക്കാൻ കഴിയൂ. ശബ്ദങ്ങളുടെ ആരോഹണ അവരോഹണക്രമത്തിൽ, വ്യത്യസ്ഥ കഥാപാത്രങ്ങൾക്കിണങ്ങുന്ന ശബ്ദങ്ങളോടെ, തോറ്റങ്ങൾ മുഴുവൻ ശബ്ദലേഖനം ചെയ്താൽ, അതു് ആസ്വാദകർക്കു് അപരിമിതമായ ആനന്ദം പ്രദാനം ചെയ്യുമെന്നതിൽ യാതൊരു സംശയവുമില്ല.

October 20, 1999

മരോൾ

മുംബയ് - 59